# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. കെ. മുരളീധരൻ<br>,, വി.ഡി. സതീശൻ<br>,, എം. എ. വാഹീദ്<br>,, വർക്കല കഹാർ | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി)** |
| (എ) നിർഭയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുക എന്നതാണ് നിർഭയ പദ്ധതിയുടെ നടത്തിപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി തടയൽ, സംരക്ഷണം,വിചാരണ എന്നീ മൂന്ന് മേഖലകളിൽ ഇടപെടലുകൾ നടത്തുവാൻ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) ഇത് ഏതെല്ലാം വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്; | (ബി) സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, പട്ടിക ജാതി പട്ടിക വർഗ വകുപ്പ്, ആഭ്യന്തര വകുപ്പ്, നിയമ വകുപ്പ്, എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) നിരാലംബരായ പെൺകുട്ടികളെ പുനരധിവസിപ്പിക്കുവാൻ, എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) പീഡനത്തിനിരയായവരും നിരാലംബരായവരുമായ പെൺകുട്ടികളെ പുനരധിവസിപ്പിക്കാൻ പ്രാരംഭമെന്ന നിലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ മൂന്ന് മേഖലകൾ കേന്ദ്രീകരിച്ച് ഷെൽറ്റർ ഹോം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ഷെൽറ്റർ ഹോമുകളിൽ |

| | |
|---|---|
| | പീഡനത്തിനിരയാകുന്ന പെൺകുട്ടികളെ പാർപ്പിച്ച് അവർക്കാവശ്യമായ സംരക്ഷണ ത്തോടൊപ്പം, സമൂഹവുമായുള്ള പുനരേകീ കരണത്തിനുള്ള പ്രവർത്തന ങ്ങളും നടത്താൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം തലത്തിലുള്ള കമ്മിറ്റികൾ രൂപീക രിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നിർഭയ പദ്ധതി നടപ്പിലാക്കുന്ന തിന് സംസ്ഥാനതല ഏകോപന സമിതി, എക്സിക്യൂട്ടീവ് കമ്മിറ്റി,ജില്ലാ നിർഭയ കമ്മിറ്റി,ഗ്രാമീണ/നഗരതല ജാഗ്രതാ സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(1) സംസ്ഥാനതല ഏകോപന സമിതി : ജില്ലാ നിർഭയ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വകുപ്പുകൾ തമ്മിലും വ്യത്യസ്ത മേഖലകൾ തമ്മിലും ആവശ്യമായ ഏകോപനം കൈവരുത്തുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനും, താഴെപ്പറയുന്നവർ അംഗങ്ങളും ആയി ഒരു സംസ്ഥാനതല ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്.

- പഞ്ചായത്ത്,സാമൂഹ്യനീതി വകുപ്പുമന്ത്രി – വൈസ് ചെയർമാൻ
- യുവജനകാര്യ വകുപ്പുമന്ത്രി – വൈസ് ചെയർപേഴ്സൺ
- സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി – കൺവീനർ

അംഗങ്ങൾ

- ചീഫ് സെക്രട്ടറി
- ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- ഡയറക്ടർ ജനറൽ ഓഫ് പോലീസ്
- ആരോഗ്യ,കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി
- പട്ടികജാതി വികസന വകുപ്പ് സെക്രട്ടറി
- പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
- നിയമവകുപ്പ് സെക്രട്ടറി
- 3 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ(ജില്ലാതല നിർഭയാ കമ്മിറ്റി മേധാവികൾ)
    1. ശ്രീമതി. സുഹറാ മമ്പാട്, മലപ്പുറം
    2. ശ്രീ. എൽദോസ് കുന്നപ്പള്ളി, എറണാകുളം
    3. ശ്രീ. ആർ.ഗോപാലകൃഷ്ണപിള്ള, കൊല്ലം
- കേരള വനിതാ കമ്മീഷൻ അംഗം
- പൊതു വിദ്യാഭ്യാസ ഡയറക്ടർ
- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
- കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് കോഓഡിനേറ്റർ
- മെമ്പർ സെക്രട്ടറി , KELSA
- സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
- കേരളാ സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ
- ശ്രീമതി. ലിഡാ ജേക്കബ്, അഡ്വൈസർ( ജെന്റർ & ചൈൽഡ് പ്രൊട്ടക്ഷൻ) (നിർഭയാ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രതിനിധി)
- പ്രോജക്ട് ഡയറക്ടർ, കേരളാ മഹിളാ സമഖ്യാ സൊസൈറ്റി

- സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് സർക്കാരേതര സംഘടനകൾ/ സാമൂഹ്യ പ്രവർത്തകർ
  1. ശ്രീമതി. സുഗത കുമാരി ടീച്ചർ, അഭയ, തിരുവനന്തപുരം.
  2. ശ്രീമതി. പി.ഇ.ഉഷ, തായ്കുല സംഘം, അട്ടപ്പാടി
  3. ഡയറക്ടർ, ആലപ്പുഴ സോഷ്യൽ സർവ്വീസ് സൊസൈറ്റി

**(2)** <u>എക്സിക്യൂട്ടീവ് കമ്മിറ്റി</u> : സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ഒരു എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയിൽ ഔദ്യോഗിക അംഗങ്ങളും, അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കും. ഈ കമ്മിറ്റിയുടെ പ്രഥമ ഉത്തരവാദിത്വം പഞ്ചായത്ത്, ജില്ലാതല നിർഭയകമ്മിറ്റികളുടെ കാര്യക്ഷമ മായ പ്രവർത്തനം ഉറപ്പുവരുത്തുകയെന്നതാണ്.

- സാമൂഹ്യനീതിവകുപ്പ് മന്ത്രി – ചെയർമാൻ
- പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
- തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
- പഞ്ചായത്ത് ഡയറക്ടർ
- അഡ്വ: ജെ.സന്ധ്യ, ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക്, തിരുവനന്തപുരം.
- ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ
- ശ്രീമതി. സീമാ ഭാസ്ക്കർ,മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള മഹിളാ സമാഖ്യ സൊസൈറ്റി
- ശ്രീമതി. റ്റി. എം.സുധ, സീനിയർ ടൗൺ പ്ലാനർ
- ശ്രീമതി. ലിഡജേക്കബ്, അഡ്വൈസർ, ജെന്റർ&ചൈൽഡ് പ്രൊട്ടക്ഷൻ – കൺവീനർ
- എക്സിക്യൂട്ടീവ് വൈസ്ചെയർമാൻ, കുടുംബശ്രീ മിഷൻ
- മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡ്.
- ശ്രീമതി. സാഹിറ തങ്ങൾ,Flat 1-2, ഹിൽ പാലസ് അപ്പാർട്ട്മെന്റ്, Opp. ബിഷപ്പ് ഹൗസ്, തിരുവാൺകുളം പി.ഒ, എറണാകുളം.
- ശ്രീമതി. അൽഫോൺസാ ജോൺ, Ex. MLA

**(3)** <u>ജില്ലാ നിർഭയ കമ്മിറ്റി</u> : നിർഭയ പോളിസിയുടെ ഇടപെടലുകൾ ഏകോപിപ്പിക്കു ന്നതിനായി ജില്ലാതലത്തിൽ ജില്ലാ നിർഭയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കുറഞ്ഞത് രണ്ടുമാസത്തിലൊരിക്കൽ കൂടുന്നതാണ്. പ്രസ്തുത കമ്മിറ്റി യിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.

- ചെയർ പേഴ്സൺ, ഡിസ്ട്രിക്ക്ട് പ്ലാനിംഗ് കമ്മിറ്റി – ചെയർപേഴ്സൺ
- ജില്ലാ കളക്ടർ – വൈസ് ചെയർപേഴ്സൺ
- ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ – കൺവീനർ
- ജില്ലാ പ്രൊബേഷൻ ഓഫീസർ – ജോയിന്റ്കൺവീനർ

അംഗങ്ങൾ

- പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണർ
- ജില്ലാ മെഡിക്കൽ ഓഫീസർ
- വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
- ജില്ലാ പ്രോജക്ട് ഓഫീസർ, സർവ്വ ശിക്ഷാ അഭിയാൻ
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
- കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ
- വനിതാ പ്രൊട്ടക്ഷൻ ഓഫീസർ (PWDV Act)
- ജില്ലാ പ്രൊബേഷൻ ഓഫീസർ ( Under J.J.Act)
- പട്ടിക വർഗ വികസന ഓഫീസർ
- പട്ടിക ജാതി വികസന ഓഫീസർ
- നോഡൽ ഓഫീസർ, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സ്ക്വാഡ്
- ബന്ധപ്പെട്ട സർക്കാർ കെയർ സ്ഥാപനങ്ങളുടെ മേധാവി
- ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി പ്രതിനിധി
- കേരള മഹിളാ സമഖ്യാ സൊസൈറ്റി പ്രതിനിധി
- ജില്ലാതല ജാഗ്രതാ സമിതി പ്രതിനിധി (അനൗദ്യോഗികഅംഗം)
- ചെയർപേഴ്സൺ, ചൈൽഡ് വെൽഫെയർ കമ്മിറ്റി (J.J.Act)
- ചൈൽഡ് ലൈൻ പ്രതിനിധി
- ജില്ലാ ജാഗ്രതാ സമിതിയുടെ 3 പ്രതിനിധികൾ.
- മൂന്ന് സർക്കാരേതര സംഘടനകൾ/സേവന ദാതാക്കളുടെ പ്രിതിനിധികൾ

**(4)** ഗ്രാമീണ/നഗരതല ജാഗ്രതാസമിതി : നിർഭയ പദ്ധതി നടപ്പിലാക്കുന്ന എറ്റവും പ്രധാന കണ്ണി ഗ്രാമീണ/നഗരതലത്തിലെ പ്രാദേശിക ഭരണ സംവിധാനത്തിലുള്ള ജാഗ്രതാ സമിതികളാണ്.ഈ സമിതി നിർബന്ധമായും മാസത്തിലൊരിക്കൽ കൂടുന്നതും പ്രദേശികതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതുമാണ്.

അംഗങ്ങൾ

- പഞ്ചായത്ത് പ്രസിഡന്റ് / മുൻസിപ്പൽ ചെയർപേഴ്സൺ/ കോർപ്പറേഷൻ/മേയർ ( ചെയർപേഴ്സൺ)
- സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ.
- വനിതാ പഞ്ചായത്ത് മെമ്പർ/ വാർഡ് കൗൺസിലർ.
- പ്രാഥമികആരോഗ്യകേന്ദ്രം/സാമൂഹ്യാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ
- കുടുംബശ്രീ CDS ചെയർപേഴ്സൺ.
- വനിതാ അഭിഭാഷക (ജില്ലാ നിയമ സഹായ അതോറിറ്റി നിർദ്ദേശിക്കുന്ന ആൾ)
- സർക്കിൾ ഇൻസ്പെക്ടർ/ സബ് ഇൻസ്പെക്ടർ
- പട്ടികജാതി/പട്ടികവർഗ്ഗ പഞ്ചായത്ത് പ്രതിനിധി(വനിത)/സാമൂഹ്യ പ്രവർത്തക.
- വാർഡ്തല ജാഗ്രതാ സമിതിയുടെ കൺവീനർ.
- ഐ.സി.ഡി.എസ് സൂപ്പർവൈസർ/സി.ഡി.പി.ഒ. (കൺവീനർ)

4

സെക്ഷൻ ഓഫീസർ